വിധിന്യായപ്രകാരം പുഴ-കായൽ പുറംപോക്കുഭൂമി എന്നിവ പതിവായോ പാട്ടമായോ നൽകരുതെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ പുഴ പുറംപോക്കുഭൂമി കൈവശക്കാർക്ക് പതിച്ചുകൊടുക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

(ബി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പുഴ പുറംപോക്ക് ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ്, നീലേശ്വരം പഞ്ചായത്തുകളിലെ പുഴ പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

താലൂക്ക് രൂപീകരണം

63 [163] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം, തൃക്കരിപ്പൂർ താലൂക്കുകൾ രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൻസ് ലാന്റ് റവന്യൂ കമ്മീഷണറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭ്യമായതിനുശേഷം താലൂക്കുകളുടെ രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവും.

റീസർവ്വേയുടെ പൂർത്തീകരണം

64 [164] *ശ്രീ. പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ ആരംഭിച്ചിട്ട് എത്ര കാലമായി;

(ബി) ഇതിന്റെ ജോലി പൂർത്തിയാക്കാൻ എത്ര സമയമാണ് ഉദ്ദേശിക്കുന്നത്;

(സി) ഇപ്പോൾ റീസർവ്വേ ജോലി എത്രത്തോളമായിട്ടുണ്ട്;

(ഡി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്;

(ഇ) റീ-സർവ്വേ പൂർത്തിയാക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിച്ച് അടുത്ത ആറുമാസത്തിനുള്ളിൽ ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1966-ൽ റീസർവ്വേ ജോലികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12 വർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വേ പൂർത്തിയാക്കുവാൻ കഴിയുന്ന തരത്തിൽ ഒരു ആക്ഷൻ പ്ലാൻ 10/01-ൽ തയ്യാറാക്കി. എന്നാൽ വിവിധ പൊന്നുംവില സർവ്വേയ്ക്കും പ്രോജക്ടുകൾ സംബന്ധമായ മറ്റ് സർവ്വേ ജോലികൾക്കും സർവ്വേ വകുപ്പിലെ വളരെയധികം ജീവനക്കാരുടെ സേവനം വളരെക്കാലം വിനിയോഗിക്കേണ്ടിവരുന്നതിനാൽ ആക്ഷൻ പ്ലാൻ അനുസരിച്ച് 2013-ൽ പൂർത്തിയാക്കേണ്ട റീസർവ്വേ പ്രവർത്തനം 2015-ൽ പൂർത്തിയാക്കുന്നതാണ്.

(സി) ഇപ്പോൾ റീസർവ്വേ പരിപാടിയിൽ ഉൾപ്പെടുത്തിയ പ്രദേശത്തിന്റെ വിസ്തീർണ്ണം 32510 ച.കി. മീറ്റർ ആണ്. അതിൽ 24487.77 ച.കി. ഭൂമിയുടെ ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. 22726.06 ച.കി. മീറ്റർ ഭൂമി സംബന്ധിച്ച ഓഫീസ് ജോലികൾ പൂർത്തിയായിട്ടുണ്ട്. റീസർവ്വേയ്ക്ക് എടുത്ത 903 വില്ലേജുകളിൽ 705 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ഡി) അടുത്ത 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയും.

(ഇ) ഓരോ താലൂക്കും റീസർവ്വേയ്ക്ക് എടുക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തേണ്ടതും സ്റ്റാറ്റ്യൂട്ടറി കാലപരിധി നോക്കേണ്ടതും ഉണ്ട്. ഈ സാഹചര്യത്തിൽ 6 മാസംകൊണ്ട് റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയുകയില്ല.

കൈവശ വസ്തുക്കൾക്ക് പട്ടയം നൽകുന്നതിന് നടപടി

65 [165] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, *സ്റ്റീഫൻ ജോർജ്ജ്:*
,, *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദശവർഷങ്ങളായി കൈവശംവച്ചനുഭവിക്കുന്ന കൈവശ വസ്തുക്കൾക്ക് പട്ടയം നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പുറമ്പോക്ക് വസ്തുക്കൾ കൈവശപ്പെടുത്തി 30-ൽപ്പരം വർഷങ്ങളായി കുടിലിൽ പാർക്കുന്ന ബി. പി. എല്ലിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഉപാധികൾ കൂടാതെ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർഷങ്ങളായി കൈവശംവച്ചനുഭവിക്കുന്ന വസ്തുക്കൾക്ക് പട്ടയം നൽകുന്നത് പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളാണെങ്കിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ സ്ഥലങ്ങളാണെങ്കിൽ 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവുമാണ്. അപേക്ഷകൾ പരിശോധിച്ച് അർഹരായിട്ടുള്ളവർക്ക് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർഹരാണെങ്കിൽ ആനുകൂല്യ നിരക്കിലും അല്ലാത്തവർക്ക് ടി ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിലും പതിച്ചു നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly